KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref: 32980 (Legal) തിയ്യതി – 21.06.2024

## സർക്കുലർ നമ്പർ 28/2024 (Legal)

വിഷയം - പാനൽ അഭിഭാഷകരുടെ ഫീസ് പുതുക്കി നിശ്ചയിക്കുന്നത് - സംബന്ധിച്ച്.

സൂചന -
1. 14.05.2024 തിയ്യതിയിലെ 578-ാം മത് ബോർഡ് യോഗത്തിലെ 10227-ാം നമ്പർ തീരുമാനം.
2. സർക്കുലർ നമ്പർ 67/2016 (Legal)

****

വസ്തുജാമ്യം സ്വീകരിക്കുന്നതിലേക്കായി നിയമോപദേശം നൽകുന്നതിന് ശാഖാതലത്തിൽ അഭിഭാഷകരെ നിയമിച്ചിട്ടുള്ളതാണ്. ഇവർക്ക് നൽകി വരുന്ന ലീഗൽ സ്ക്രൂട്ടിനി ഫീസ് കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് 14.05.2024 തിയ്യതിയിൽ നടന്ന 578-ാം നമ്പർ ബോർഡ് യോഗം തീരുമാനിച്ചിട്ടുള്ളതാണ്.

അതുപ്രകാരം, മോർട്ട്ഗേജ് ചെയ്യുന്ന സമയത്ത് പത്തുലക്ഷം രൂപവരെ ബാധ്യതയുള്ള (Future Liability) ചിട്ടികൾക്കും വായ്പകൾക്കും 1000/- രൂപയായും അതിനുമുകളിൽ തുകയുള്ളവയ്ക്ക് 1250/- രൂപയായും അഭിഭാഷകരുടെ ലീഗൽ സ്ക്രൂട്ടിനി ഫീസ് വർദ്ധിപ്പിച്ചിരിക്കുന്നു. ആയത് 13/2024 നമ്പറായി പ്രസിദ്ധീകരിച്ച സർക്കുലർ പ്രകാരമുള്ള പുതുക്കിയ മാതൃകയിലുള്ള ലീഗൽ സ്ക്രൂട്ടിനി റിപ്പോർട്ടുകൾക്ക് മാത്രം ബാധകമായിരിക്കുന്നതാണ്. പുതുക്കിയ ഫീസ് നിരക്ക് 22.06.2024 മുതൽ പ്രാബല്യത്തിൽ വരുന്നതാണെന്ന് അറിയിക്കുന്നു.

പുതുക്കിയ ഫീസ് നിരക്കിനെ സംബന്ധിച്ചുള്ള വിവരം പാനൽ അഭിഭാഷകരെ അറിയിക്കുവാനുള്ള നടപടികൾ ശാഖ മാനേജർമാർ സ്വീകരിക്കേണ്ടതും പുതിയ മാതൃകയിലുള്ള ലീഗൽ സ്ക്രൂട്ടിനി റിപ്പോർട്ട് പൂർണ്ണമായും നിലവിൽ വരുത്തേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു.

കെ.എസ്.എഫ്.ഇ യ്ക്കുവേണ്ടി,

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

To- എല്ലാ ശാഖാതലവൻമാർക്കും

പകർപ്പ് :-
1. എല്ലാ മേഖലാ ഓഫീസുകൾക്കും
2. ഹെഡ് ഓഫീസിലെ എല്ലാ ഡിപ്പാർട്ട്മെന്റുകൾക്കും
3. എല്ലാ ഐ.എ.ഡി ടീമുകൾക്കും/പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
4. എല്ലാ എസ്.ഡി.റ്റി (ആർ.ആർ) ഓഫീസുകൾക്കും
5. എം.ഡിയുടെ പി.എ
6. സർക്കുലർ ഫയൽ